**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2043** 17/06/2014-ൽ മറുപടിക്ക്

# വൈദ്യുതി കണക്ഷനുള്ള ഫീസ്.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, എസ്. ശർമ്മ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താവ് വൈദ്യുതി ബോർഡിൽ അടയ്ക്കേണ്ട തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുകയടയ്ക്കാതെ ഏതെങ്കിലും വിഭാഗക്കാർക്ക് വൈദ്യുതി കണക്ഷന് അർഹതയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താവ് അടയ്ക്കേണ്ട തുകയിൽ 01.05.2014 മുതൽ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത ചെലവുകൾ സപ്ലൈ കോഡ്-2014 അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയിട്ടുള്ളത്. സപ്ലൈ കോഡ് പ്രകാരം തുക അടയ്ക്കാതെ വൈദ്യുതി കണക്ഷൻ നൽകുവാൻ ഒരു വിഭാഗത്തെയും അനുവദിക്കുന്നില്ല. |
| (ബി) വൈദ്യുതി കണക്ഷന് സി.ഡി. മാത്രമടച്ച് കാത്തിരിക്കുന്നവർക്ക് സൗജന്യമായി കണക്ഷൻ നൽകിയിരുന്ന രീതിയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, വികലാംഗർ, ഗുരുതരമായ രോഗാവസ്ഥയിലുള്ളവർ, തുടങ്ങി വിവിധ വിഭാഗങ്ങൾക്ക് നൽകിയിരുന്ന മുൻഗണനയും എടുത്തുകളഞ്ഞുകൊണ്ടുള്ള തീരുമാനം തിരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) സപ്ലൈ കോഡ്- 2014-ലെ clause 32 പ്രകാരം ഏതെങ്കിലും വിഭാഗങ്ങൾക്ക് സർക്കാർ മുൻകൂർ പണം നൽകിയാൽ അത്തരം വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുവാൻ വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥയനുസരിച്ച് ലൈൻ നീട്ടൽ ആവശ്യമില്ലാത്ത 1000 W വരെ കണക്ടഡ് ലോഡുള്ള SC/ST വിഭാഗങ്ങൾക്കും, 500 W വരെ കണക്ടഡ് ലോഡുള്ള BPL വിഭാഗങ്ങൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ഉത്തരവ് വൈദ്യുതി ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**